LIBRARY ARCHIVES Kerala Legislative Assembly

വീടുകൾ കേന്ദ്രീകരിച്ചുള്ള കുറ്റകൃത്യങ്ങൾ

213 (2085) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകൽ സമയത്തുപോലും സ്വന്തം വീടുകളിൽ നിർഭയം ജീവിക്കാൻ കഴിയാത്ത അവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീടുകൾ കേന്ദ്രീകരിച്ചുള്ള ആക്രമണങ്ങൾക്കും, മോഷണങ്ങൾക്കും അനാശാസ്യ പ്രവർത്തനങ്ങൾക്കും വിധേയരായി എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ട് ; എത്ര കേസ്സുകളിൽ കണ്ടെത്തുവാനുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇത്തരക്കാരുടെ ആക്രമണത്തിന് വിധേയരായി മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തൊക്കെ ആശ്വാസ /ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) ഇത്തരം പ്രവൃത്തികളിൽ പങ്കെടുത്ത് പ്രതികളായ ആഭ്യന്തര വകുപ്പിന് കീഴിലെ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇവർക്കെതിരെ കർശനമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീടുകൾ കേന്ദ്രീകരിച്ചുള്ള ആക്രമണങ്ങൾക്കും, മോഷണങ്ങൾക്കും അനാശാസ്യ പ്രവർത്തനങ്ങൾക്കും വിധേയരായി 67 പേർ മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇതിൽ 61 കേസ്സുകളിലെ പ്രതികളെ കണ്ടെത്തി. 2 കേസ്സുകളിൽ ഇനിയും പ്രതികളെ കണ്ടെത്താനുണ്ട്.

(ഡി&ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിലെ വാഹന അപകടങ്ങളും ട്രാഫിക് കുറ്റകൃത്യങ്ങളും സംബന്ധിച്ച കണക്ക്*

214 (2086) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-2014 കാലയളവിൽ IPC 279, 337, 338, 304(a) ഉടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം എത്ര വാഹന അപകടങ്ങളും മറ്റ് ട്രാഫിക് കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.